"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രത്തിലെ ആഭ്യന്തര പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ കുറ്റാരോപിതനായ ജനറൽ മാനേജർ ശ്രീ. പി.എൻ. അനിൽ കുമാറിനെതിരായ അന്വേഷണം - വ്യവസായ വകുപ്പ് അണ്ടർ സെക്രട്ടറി ശ്രീ. സാബു ആന്റണി കെ.-യെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.647/2025/ID തീയതി,തിരുവനന്തപുരം, 03-06-2025

---

പരാമർശം:-

1. വ്യവസായ വാണിജ്യ ഡയറക്ടറുടെ 15/06/2024-ലെ ഡിഐസി/2628/2023-ഇഡി1 നമ്പർ കത്ത്
2. 12/08/2024-ലെ എ2/104/2024-വ്യവ നമ്പർ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും കാരണം കാണിക്കൽ നോട്ടീസും
3. 30/09/2024 തീയതിയിലെ ശ്രീ. പി.എൻ. അനിൽ കുമാറിന്റെ പ്രതിവാദ പത്രിക
4. വ്യവസായ വാണിജ്യ ഡയറക്ടറുടെ 23/11/2024-ലെ ഡിഐസി/2628/2023-ഇഡി1 നമ്പർ കത്ത്
5. 25/04/2025-ലെ സ.ഉ. (സാധാ) നം. 440/2025/വ്യവ

**ഉത്തരവ്**

കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രത്തിലെ ആഭ്യന്തര പരിശോധന വിഭാഗം നടത്തിയ പരിശോധനയിൽ, കണ്ണൂർ ജില്ലാ കേന്ദ്രത്തിന്റെ വളപ്പിൽ അപകടകരമായി നിന്നിരുന്ന മരം മുറിച്ച്മാറ്റി ലേല നടപടികൾ കൈക്കൊള്ളാതെയും ചട്ട പ്രകാരമുള്ള തുക സർക്കാരിലേക്ക് ഒടുക്കാതെയും നീക്കം ചെയ്തതിൽ ജനറൽ മാനേജർ ശ്രീ. പി. എൻ. അനിൽകുമാർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ. അബ്ദുൾ ഗഫൂർ ബി.വി. എന്നിവർക്ക് വീഴ്ച സംഭവിച്ചിട്ടുള്ളതായും PMFME പദ്ധതിയുടെ കണ്ണൂർ ജില്ലയിലെ പ്രചാരണ പ്രവർത്തനങ്ങൾക്കു K Bip - നൽകിയ തുകയും മീറ്റ് ദി മിനിസ്റ്റർ പരിപാടിയുടെ ചെലവിലേയ്ക്ക് K Bip - നൽകിയ തുകയും ജനറൽ മാനേജറായിരുന്ന ശ്രീ. പി.എൻ. അനിൽകുമാർ തന്റെ വ്യക്തിഗത അക്കൗണ്ടിൽ സ്വീകരിച്ചതിലും വിനിയോഗം നടത്തിയതിലും മീറ്റ് ദി മിനിസ്റ്റർ പരിപാടിയുടെ ബില്ലുകൾ സമർപ്പിച്ചതിലും ക്രമക്കേട് നടത്തിയിട്ടുള്ളതായി കണ്ടെത്തി കുറ്റാരോപിതർക്കെതിരെ തുടർ നടപടികൾ സ്വീകരിക്കുന്നതിന് റിപ്പോർട്ട് പരാമർശം (1) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ ലഭ്യമാക്കിയിരുന്നു. പരാമർശം (2) പ്രകാരം കുറ്റാരോപിതനായ ജനറൽ മാനേജർ ശ്രീ. പി.എൻ. അനിൽകുമാറിന് കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകുകയും അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

ശ്രീ. അബ്ദുൾ ഗഫൂർ ബി.വി. സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ കെ.എസ്.ആർ. ഭാഗം III ചട്ടം 59 (ബി) പ്രകാരം കാരണം കാണിക്കൽ നോട്ടീസും നല്കിയിരുന്നു. ആയതിൽ പരാമർശം (3) പ്രകാരം ശ്രീ. പി.എൻ. അനിൽകുമാർ പ്രതിവാദ പത്രികയും പരാമർശം (4) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. പി.എൻ. അനിൽകുമാറിന്റെ പ്രതിവാദ പത്രികയിൽ റിപ്പോർട്ടും ലഭ്യമാക്കിയിട്ടുണ്ട്. തുടർന്ന് പ്രസ്തുത വിഷയത്തിൽ കെ.സി.എസ്. (സി.സി&എ) പ്രകാരം അന്വേഷണം നടത്തുന്നതിന് വ്യവസായ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. ബൈജു കുമാർ. എസ്-നെ നിയമിച്ച് പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു. ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. ബൈജുകുമാർ. എസ് ദീർഘകാല അവധിയിൽ പ്രവേശിച്ചതിനെ തുടർന്ന് അന്വേഷണം നടത്തുവാൻ സാധിച്ചിട്ടില്ല.

2. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രത്തിൽ അഭ്യന്തര പരിശോധന വിഭാഗം നടത്തിയ പരിശോധനയിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ കുറ്റാരോപിതനായ ജനറൽ മാനേജർ ശ്രീ. പി. എൻ. അനിൽ കുമാറിനെതിരെ 1960-ലെ KCS (CC&A) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും പ്രകാരം അന്വേഷണം നടത്തുന്നതിന് വ്യവസായ വകുപ്പ് അണ്ടർ സെക്രട്ടറി സാബു ആന്റണി കെ.-യെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബി അജിത

അഡിഷണൽ സെക്രട്ടറി

ശ്രീ. സാബു ആന്റണി കെ, അണ്ടർ സെക്രട്ടറി, വ്യവസായ വകുപ്പ്

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം

പി.എൻ അനിൽകുമാർ (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Sachin V R

Date: 03-06-2025 14:56:41

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്

വ്യവസായ (എ) വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്